(സി) ഗവൺമെന്റ് സഹകരണ മേഖലയിൽ തുടങ്ങാനുദ്ദേശിക്കുന്ന എൻജിനീയറിംഗ് കോളേജുകളെ സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പങ്കാളിത്തത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേരള) എന്ന സൊസൈറ്റി എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലാണ് ഈ അദ്ധ്യയനവർഷം എഞ്ചിനീയറിംഗ് കോളേജ് തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്. 1999-2000 അദ്ധ്യയനവർഷത്തിൽ 240 വിദ്യാർത്ഥികൾക്ക് നാല് ബ്രാഞ്ചുകളിലായി അഡ്മിഷൻ നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) കോഴിക്കോട് ജില്ലയിലെ കോളേജ് കൂടാതെ 10 എണ്ണം കൂടി സ്ഥാപിക്കാനുള്ള സാദ്ധ്യതാപഠനം നടത്തിവരുന്നു.

140 (284) സഹകരണ മേഖലയിൽ സ്വാശ്രയ കോളേജുകൾ

ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ആരംഭിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള സഹകരണ മെഡിക്കൽ കോളേജിന് സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ സംഭാവന നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സഹകരണ രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തെ ഓരോ ജില്ലാ ബാങ്കിനും 31.5.99-വരെ കോമൺഗുഡ് ഫണ്ടിൽ എത്ര തുകയുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) റിസർവ് ബാങ്കിന്റെ നിലവിലുള്ള നിർദ്ദേശമനുസരിച്ച് ജില്ലാ ബാങ്കുകൾക്ക് എന്തു തുക സംഭാവനയായി നൽകാൻ വ്യവസ്ഥയുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി) എഞ്ചിനീയറിംഗും, മെഡിസിനും ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നതിനുവേണ്ടി കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേരള) എന്ന സ്ഥാപനം സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ സഹകരണ ബാങ്കുകളുടെയും പൂർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

പങ്കാളിത്തത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ കീഴിൽ കോഴിക്കോട് ജില്ലയിലെ വടകരയിൽ ഈവർഷംതന്നെ അദ്ധ്യയനം നൽകത്തക്കവിധം കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എറണാകുളത്ത് ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ പ്രാരംഭനടപടികൾ അക്കാഡമി സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് കോ-ഓപ്പറേറ്റീവ് അക്കാഡമി ആരംഭിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ള മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകൾക്ക് പൊതുനന്മാ ഫണ്ടിൽ നിന്നും കോൺട്രിബ്യൂഷൻ നൽകുന്നതിന് രജിസ്ട്രാർ പെർമിസ്സിവ് സാങ്ഷൻ നൽകിയിട്ടുണ്ട്.

(ഡി) അനുമതിയുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്.† 7/5/99-ലെ സർക്കുലർ നം. 20/99).

(ഇ) 31.5.99-ലെ തുക അറിയണമെങ്കിൽ 98-99-ലെ ആഡിറ്റ് പൂർത്തിയാകണം.

(എഫ്) റിസർവ് ബാങ്കിന്റെ 16.3.91-ലെ സർക്കുലറിലെ ക്ലാസ് (എ) അനുസരിച്ച് പൊതുനന്മാഫണ്ട് ഏത് ഉദ്ദേശത്തിനാണോ നിശ്ചയിച്ചിരിക്കുന്നത് അതിന് ഉപയോഗിക്കാൻ വ്യവസ്ഥയുണ്ട്. ക്ലാസ് (ബി) അനുസരിച്ച് തലേവർഷം പ്രസിദ്ധീകരിച്ച ലാഭത്തിന്റെ രണ്ട് ശതമാനം സംഭാവന വരെ കൊടുക്കാനും വ്യവസ്ഥയുണ്ട്.

141 (285) കോഴിക്കോട് ജില്ലയിലെ നീതിസ്റ്റോറുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര നീതിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവയിൽ എത്ര നീതിസ്റ്റോറുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 70 എണ്ണം.

(ബി) വലിയ ലാഭമോ നഷ്ടമോ വരാതെ പ്രവർത്തിക്കാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നീതിസ്റ്റോറുകളുടെ അക്കൗണ്ടസ് ഫൈനലൈസ് ചെയ്തു വരുന്നതേയുള്ളൂ.

142 (286) നീതി മെഡിക്കൽ സ്റ്റോറുകൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly